**പതിനാലാം കേരളനിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1113** 10/08/2017 -ൽ മറുപടിയ്ക്ക്

**സ്കൂളുകൾ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത്, ഈ അദ്ധ്യയനവർഷം ഒരു വിദ്യാർത്ഥി പോലും ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയിട്ടില്ലാത്ത എത്ര സർക്കാർ/എയ്ഡഡ് സ്കൂളുകളാണ് ഉള്ളത് എന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്ത് ഈ അധ്യയന വർഷം ഒരു വിദ്യാർത്ഥി പോലും ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയിട്ടില്ലാത്ത 35 സർക്കാർ/എയ്ഡഡ് സ്കൂളുകളാണ് ഉള്ളത്. |
| (ബി) മുൻ വർഷം ഈ വിഭാഗത്തിൽ എത്ര സ്കൂളുകളാണ് ഉണ്ടായിരുന്നത്; ഇത്തരം സ്കൂളുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) മുൻവർഷം ഈ വിഭാഗത്തിൽ 39 സ്കൂളുകളാണ് ഉണ്ടായിരുന്നത്. അതിനാൽ ഇത്തരം സ്കൂളുകളുടെ എണ്ണത്തിൽ ഈ വർഷം വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (സി) ഈ സ്കൂളുകൾ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്; | (സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന ജനകീയ കൂട്ടായ്മയുടെ ഭാഗമായി സ്കൂളുകൾ സംരക്ഷിക്കുന്നതിനുള്ള നിരവധി പരിപാടികൾ ആവിഷ്കരിച്ചു വരുന്നു. |
| (ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പുരോഗതി ഈ കണക്കുകളുമായി താരതമ്യം ചെയ്ത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കി ഒരു വർഷം പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ ഈ കണക്കുകളുമായി പുരോഗതി താരതമ്യം ചെയ്ത് വിലയിരുത്താൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ